ക്ഷാമം കൂടുതലായി ഉണ്ടാകുന്നത്. അതു പരിഗണിച്ച് ഗ്രാമപ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിറകു ഡിപ്പോകൾ ആരംഭിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഗ്രാമപ്രദേശങ്ങളിൽ വിറകുക്ഷാമം കുറവാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. പിന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിറകുകട തുടങ്ങണമെന്ന് ആഗ്രഹിക്കുന്നില്ല.

കായികതാരങ്ങൾക്ക് ദൈനംദിന ചെലവുകൾക്ക് അനുവദിച്ചിട്ടുള്ള സംഖ്യ

* 481 [505] ശ്രീ. എ. എ. റഹീം:
,, എം. പി. ഗംഗാധരൻ:
,, തെന്നല ബാലകൃഷ്ണപിള്ള:
,, സേവ്യർ അറയ്ക്കൽ:
,, പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നിലവാരത്തിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന കായികതാരങ്ങൾക്ക് ദൈനംദിന ചെലവുകൾക്ക് അനുവദിച്ചിട്ടുള്ള സംഖ്യ അപര്യാപ്തമാണെന്ന് ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും സമരപരിപാടികൾ നടക്കുകയുണ്ടായോ;

(സി) ഇക്കാര്യത്തിന് എത്രപേരെ അറസ്റ്റു ചെയ്തു; എവിടെ വച്ച്;

(ഡി) കായികതാരങ്ങൾക്കു നൽകുന്ന ടി. എ., ഡി. എ. നിരക്കെത്ര?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഇത്തരത്തിൽ ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) കോച്ചിംഗ് ക്യാമ്പിൽ സംബന്ധിച്ചിരുന്ന ചിലർ സെക്രട്ടേറിയറ്റു പടിക്കൽ പ്രകടനം നടത്തിയതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ആരെയും അറസ്റ്റു ചെയ്തിട്ടില്ല.

(ഡി) കോച്ചിംഗ് ക്യാമ്പിൽ സംബന്ധിക്കുന്നവർക്ക് ആളൊന്നുക്ക് 8 രൂപ ദിനബത്ത നൽകുന്നതിനും ക്യാമ്പിൽ വരുന്നതിനും പോകുന്നതിനും തീവണ്ടിയാത്രയ്ക്കു രണ്ടാംക്ലാസ് എക്സ്പ്രസ് തീവണ്ടിയിലും, ബസ്യാത്രയ്ക്കു ഫാസ്റ്റ് പാസഞ്ചർ ബസ് ചാർജ്ജും ഓരോരുത്തർക്കും നൽകുന്നതിനും ദേശീയതലങ്ങളിൽ പങ്കെടുക്കുന്നതിന് പ്രതിദിനം പത്തുരൂപ യാത്രച്ചെലവും പത്തുരൂപ ദിനബത്തയും നൽകുന്നതിനും അസോസിയേഷനുകൾക്ക് ഗ്രാന്റു നൽകുന്നുണ്ട്.

ശ്രീ. എ. എ. റഹീം: ഈ എട്ടു രൂപയും പത്തുരൂപയും നൽകുന്നത് തൃപ്തികരമാണെന്ന അഭിപ്രായം മന്ത്രിക്ക് ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: നമ്മുടെ സംസ്ഥാനത്തെ രീതിവച്ച് തികച്ചും തൃപ്തികരമാണെന്ന അഭിപ്രായം ഇല്ല. എന്നാൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ ഇത്തരം ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നൽകുന്നത് കൂടുതൽ ആണ്. സ്പോർട്സ് കൗൺസിലിൽനിന്ന് ഈ ദിനബത്ത വർദ്ധിപ്പിക്കണമെന്നും പറഞ്ഞു നിർദ്ദേശം ഉണ്ടായിരുന്നു. ഗവൺമെൻറ് അതു പരിഗണിക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: കായികതാരങ്ങൾക്ക് പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ നിയമനം നടത്തുമ്പോൾ നിശ്ചിത ശതമാനം സംവരണം ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഏർപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: സ്പോർട്സ് സ്കൂളുകളും ട്രെയിനിംഗ് സെൻററുകളും ഹോസ്റലുകളും തുറക്കുമെന്ന് കഴിഞ്ഞ കൊല്ലത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്നതനുസരിച്ച് നടപടി എടുത്തിട്ടുണ്ടോ? ഏതെല്ലാം സ്ഥലങ്ങളിൽ ട്രെയിനിംഗ് സ്കൂൾ തുറന്നിട്ടുണ്ട്? അവിടെയുള്ള കോച്ചുകളുടെ വേജസ് റീഫിക്സ് ചെയ്യാൻ നടപടി എടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഒമ്പതു സ്പോർട്സ് ഹോസ്റലുകൾ കോളേജുകളോടനുബന്ധിച്ച് തുറന്നിട്ടുണ്ട്. സ്കൂളുകളോടനുബന്ധിച്ച് ചില സ്ഥലങ്ങളിൽ സ്പോർട്സ് ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ട്. അവിടെയുള്ള കോച്ചുകൾക്കു മറ്റുള്ള കോച്ചുകൾക്കു കൊടുക്കുന്ന ശമ്പള സ്കെയിലുകളും അലവൻസും നൽകുന്നുണ്ട്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: കായികതാരങ്ങളിൽ ഏറ്റവും കൂടുതൽ മാനുഷിക പ്രയത്നം ആവശ്യമുള്ള ഗുസ്തി വിഭാഗത്തിൽപ്പെട്ടവർക്കു കാര്യമായ പ്രോൽസാഹനം നൽകുന്നില്ല. അവർക്കു പ്രത്യേകമായി എന്തെങ്കിലും ആനുകൂല്യം കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: നാടൻ ഗുസ്തി സമ്പ്രദായം നിലവിലിരിക്കുന്നത്, കൊല്ലം, ആലപ്പുഴ, തലശ്ശേരി പ്രദേശങ്ങളിലാണ്. അതു ക്ഷയിച്ചുവരുന്നുവെന്നുള്ളതു സത്യമാണ്. പണ്ട് രാജാക്കൻമാരും പ്രഭുക്കൻമാരും നൽകിയിരുന്ന സഹായം ലഭിക്കാതെവന്നതിനെത്തുടർന്ന് ഉണ്ടായ സംഭവ വികാസമാണ്. സംസ്ഥാന ഗവൺമെൻറിൽനിന്നു സ്പോർട്സ് കൗൺസിലിന് നൽകുന്ന ആനുകൂല്യങ്ങൾ മറെറല്ലാ കലകൾക്കും ലഭിക്കുന്നതുപോലെ ഗുസ്തി മൽസരത്തിനും ലഭിക്കുന്നുണ്ട്. അതിനു വേണ്ട ആയാസം കണക്കാക്കുമ്പോൾ വേണ്ടത്ര പ്രോൽസാഹനം കിട്ടുന്നില്ലെന്നറിയാം. പൊതുവായ മാനദണ്ഡം വച്ചുകൊണ്ടുമാത്രമേ സംസ്ഥാന ഗവൺമെൻറിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. പിണറായി വിജയൻ: കായികതാരങ്ങൾക്കുള്ള ദൈനംദിന ചെലവിന് കൊടുക്കുന്ന അലവൻസ് മറു സംസ്ഥാനങ്ങളിലേതിനെക്കാൾ കൂടുതലാണ് കൊടുക്കുന്നതെന്നു പറഞ്ഞു. ഇവിടെയാണോ ഏറ്റവും കൂടുതൽ കൊടുക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: പഞ്ചാബ്, ഹരിയാന മുതലായ സംസ്ഥാനങ്ങളെ ഒഴിച്ചാൽ ഇൻഡ്യയിൽ മുൻപന്തിയിൽ നിൽക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. ഇനിയും കൂടുതൽ കൂടുതൽ പ്രോൽസാഹനം നൽകുന്നതിന് നമ്മുടെ സാമ്പത്തികശേഷി കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

ഡോ. ജോർജ് മാത്യു: കഴിഞ്ഞ ഹൈദരാബാദ് നാഷണൽ കഴിഞ്ഞപ്പോഴും പത്രങ്ങളിൽ വളരെയധികം പരാതികളും വന്നു. ഇങ്ങനെ ഈ നാഷണൽസ് കഴിഞ്ഞാൽ അതിന്റെ റിപ്പോർട്ടു വാങ്ങുന്നതിന് എന്തെങ്കിലും ഒരു സംവിധാനം ഉണ്ടോ? അങ്ങനെ ഉണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റിൽ റിപ്പോർട്ടു വന്നതിനു ശേഷമേ പത്രങ്ങളിൽ റിപ്പോർട്ടു കൊടുക്കാവൂ എന്ന ഒരു നയം സ്വീകരിക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സംസ്ഥാനതലങ്ങളിലും ദേശീയതലങ്ങളിലും ഉള്ള മത്സരം കഴിഞ്ഞാൽ അതു സംബന്ധിച്ച റിപ്പോർട്ടു നൽകണമെന്ന് വ്യവസ്ഥയുണ്ട്. മിക്കവാറും സംഘടനകളും അത്തരം റിപ്പോർട്ടുകളും സമർപ്പിക്കുന്നുണ്ട്. ഏതെങ്കിലും അസോസിയേഷന്റെ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു പരിഹാരം കാണാം.

ശ്രീ. കെ.പി. നൂറുദ്ദീൻ: കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ പേരിൽ സർക്കാർ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നേരിട്ടു നിയമനം നടത്തുന്ന ഏർപ്പാടുകളും ഉണ്ട്. അതനുസരിച്ചു നിയമനം കിട്ടിയിട്ടുള്ള എല്ലാ ആളുകൾക്കും സർവ്വീസിന്റെ പ്രശ്നങ്ങൾ കാരണം ശമ്പളം കിട്ടിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതനുസരിച്ച് നേരിട്ട് നിയമനം ലഭിച്ച കായികതാരങ്ങൾക്ക്, അർജ്ജുൻ അവാർഡ് ലഭിച്ച ജിമ്മി ജോർജ് ഉൾപ്പെടെയുള്ള ആളുകൾക്ക്, കഴിഞ്ഞ ഒരു കൊല്ലമായി ശമ്പളം കിട്ടുന്നില്ലായെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: സംസ്ഥാന ഗവൺമെന്റ് പ്രത്യേക പ്രാഗല്ഭ്യമുള്ള സ്പോർട്സ് താരങ്ങളെ സർവ്വീസിൽ നിയമിച്ചിട്ടുണ്ട്. അതിന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അംഗീകാരം ലഭ്യമാകുന്നതിനുണ്ടാകുന്ന കാലതാമസംകൊണ്ടാണ് ബുദ്ധിമുട്ടുണ്ടാകുന്നത്. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കഴിയുന്നതും വേഗം നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: സ്പോർട്സ് രംഗത്ത് വലിയ മുതൽക്കൂട്ടു നൽകുന്ന ഗ്രാമപ്രദേശങ്ങളിലെ കായികതാരങ്ങൾക്കു പ്രോൽസാഹനം നൽകുന്നതിന് ഗ്രാമപ്രദേശങ്ങളിൽ റൂറൽ സ്റ്റേഡിയം സ്ഥാപിക്കാൻ ആലോചനയുണ്ടെന്നു പറഞ്ഞു. അതനുസരിച്ച് ഗവൺമെന്റിന്റെ മുമ്പിൽ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ? ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഗ്രാമപ്രദേശങ്ങളിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുന്നതിന് 20,000 രൂപ ധനസഹായം നൽകുന്നതിന് ഒരു പദ്ധതി രൂപീകരിച്ചു. പഞ്ചായത്തുകളോ ഉത്തരവാദപ്പെട്ട മറ്റു സ്ഥാപനങ്ങളോ ആവശ്യമായ സ്ഥലം ചൂണ്ടിക്കാണിച്ച് കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടാൽ ധനസഹായം കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചില അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അവ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബാലൻ: ഭാവി കായികതാരങ്ങളെ വാർത്തെടുക്കുന്നതിന് പ്രധാന പങ്കു വഹിക്കുന്ന കായിക പരിശീലനം നടത്തുന്ന അധ്യാപകൻമാർ അവർക്കു ലഭിക്കുന്ന ശമ്പളം താരതമ്യേന കുറവാണെന്നു പറഞ്ഞുകൊണ്ട് തലസ്ഥാനത്തു ഒരു പ്രകടനം നടത്തുകയും മെമ്മോറാണ്ടങ്ങം സമർപ്പിക്കുകയും ചെയ്തു. അതനുസരിച്ച് കായികതാരങ്ങളെ വളർത്തിയെടുക്കുന്ന ഇവരുടെ ആവശ്യങ്ങം അനുവദിക്കാൻ ഭയവുണ്ടാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുന്നത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർ നടത്തിയ പ്രകടനത്തെ സംബന്ധിച്ചാണെന്നു തോന്നുന്നു. അവർ ഉന്നയിക്കുന്നതുപോലെയുള്ള ആവലാതികം ശമ്പളക്കമ്മീഷൻ റിപ്പോർട്ടു നടപ്പാക്കിയതിനെതുടർന്ന് പല സ്ഥലങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ട്. അതിന് എന്തുമാത്രം പരിഹാരം കാണാൻ കഴിയുമെന്നതു ഇപ്പോം പറയാൻ നിവൃത്തിയില്ല.

ഡോ. കെ.സി. ജോസഫ്: കായികതാരങ്ങൾക്ക് പ്രൊഫഷണൽ കോളേജുകളിൽ സീറ്റു റിസർവു ചെയ്തിട്ടുണ്ട്. അവരെ സെലക്ടു ചെയ്യുന്നതിന് എന്തു മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്? സെലക്ഷനിൽ അഴിമതി നടക്കുന്നതായി കായിക താരങ്ങളിൽനിന്ന് ആക്ഷേപമുണ്ടായിട്ടുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: അഴിമതി നടന്നതായി ആരോപണം ഉണ്ടായിട്ടില്ല. മാനദണ്ഡത്തെ സംബന്ധിച്ച് അഭിപ്രായപ്രകടനങ്ങം ഉണ്ടായിട്ടുണ്ട്. ഗവൺമെൻറു നിയോഗിച്ച കമ്മിറ്റിയുടെ തീരുമാനങ്ങൾക്കെതിരായി ഹൈക്കോടതിയിൽ കേസുണ്ടായി. ഹൈക്കോടതി നിർദ്ദേശിച്ച രീതിയിൽ മാനദണ്ഡങ്ങം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: സ്പോർട്സ് സ്കൂളുകളും സ്പോർട്സ് ഡിവിഷനുകളും ആർജ്ജിച്ചിരിക്കുന്ന അസൂയാവഹമായ പുരോഗതി കണക്കിലെടുത്ത് കൂടുതൽ സ്പോർട്സ് ഡിവിഷനുകളോ സ്പോർട്സ് സ്കൂളുകളോ അടുത്ത അദ്ധ്യയനവർഷത്തിൽ ആരംഭിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അടുത്ത അദ്ധ്യയനവർഷത്തിൽ ആരംഭിക്കാൻ കഴിയുമോ എന്ന് ഇപ്പോം പറയാൻ കഴിയുകയില്ല. സ്പോർട്സ് ഡിവിഷനുകളും സ്പോർട്സ് സ്കൂളുകളും സ്പോർട്സ് ഹോസ്റ്റലുകളും നിലവിലുണ്ട്. അവയുടെ പ്രവർത്തനം പരിശോധിച്ച് പുനഃസംവിധാനം ആവശ്യമുണ്ടോ എന്നു തീരുമാനിക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: കായികതാരങ്ങൾക്കു രാഷ്ട്രാന്തരീയമൽസരങ്ങളിൽ പരാജയത്തിനു കാരണം സ്റ്റാമിനയുടെ കുറവാണെന്ന് അഭിപ്രായങ്ങം ഉണ്ട്. ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? സ്റ്റേറ്റ് ജൂനിയർ ടീമിലും സീനിയർ ടീമിലും ഉള്ളവർക്കു പരിശീലനം നൽകുമ്പോം ഇക്കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സ്റ്റാമിനയുടെ കുറവുകൊണ്ടാണ് ഫലപ്രദമായ പ്രകടനം നടത്തത്തതെന്നുള്ളതിനോടു പൂർണ്ണമായി യോജിക്കാൻ കഴിയുകയില്ല. പരിശീലനത്തിൻറെ കുറവും അതുപോലെ മറ്റു പലതും ഉണ്ട്. അതൊക്കെ കണക്കിലെടുത്തുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് സ്കൂളും സ്പോർട്സ് ഡിവിഷനും സ്പോർട്സ് ഹോസ്റ്റലും ഏർപ്പെടുത്തി കുഞ്ഞുന്നാൾ മുതൽക്കേ ആവശ്യമായ പോഷകാഹാരവും പരിശീലനവും നൽകി നല്ല സ്പോർട്സ് താരങ്ങളെ വളർത്തിയെടുക്കാൻ തീരുമാനിച്ചത്.

ശ്രീ. എം.വി. രാഘവൻ: സ്പോർട്സ് താരങ്ങളുടെ കൂട്ടത്തിൽ സർക്കസ് താരങ്ങൾ ഉൾപ്പെടുമോ? ലോകപ്രസിദ്ധരായ സർക്കസ് താരങ്ങൾ കേരളത്തിലെ താരങ്ങളാണ്. അവരുടെ ദുരിതങ്ങൾ വർണ്ണിക്കാനാവാത്തതാണ്. അവർക്ക് എന്തെങ്കിലും സഹായം നൽകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സർക്കസ് ഒരു കല എന്ന നിലയിൽ ഏതു രീതിയിൽ പ്രോൽസാഹിപ്പിക്കാൻ കഴിയും എന്നു പരിശോധിക്കാം. സ്പോർട്സ് ഇനങ്ങളെ അമെച്വർ എന്ന നിലയിലാണ് കൈകാര്യം ചെയ്യുന്നത്. സർക്കസ് പ്രൊഫഷണൽ കലയായിട്ടാണ് കരുതിപ്പോരുന്നത്.

ശ്രീ. ടി. എ. പരമൻ: ആക്ഷേപങ്ങളടങ്ങിയ പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. ആ ആക്ഷേപങ്ങളെസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: പത്രറിപ്പോർട്ടുകളുള്ളതല്ലാതെ രേഖാമൂലം എന്തെങ്കിലും പരാതി ലഭിച്ചിട്ടില്ല. ആക്ഷേപങ്ങളിലൊന്ന് ദിനബത്തയും മറ്റും പോരെന്നാണ്. അതിനെപ്പറ്റി നേരത്തെ സൂചിപ്പിച്ചു. എന്തുമാത്രം അതു മെച്ചപ്പെടുത്താൻ കഴിയും എന്നു പരിശോധിക്കുന്നതാണ്. മറ്റൊന്ന്, എട്ടുരൂപ തന്നെ കിട്ടിയില്ല, ഏഴു രൂപയേ കിട്ടിയുള്ളു എന്ന പരാതിയാണ്. അതിനെപ്പറ്റി റിപ്പോർട്ടുകൾ ലഭിച്ച ശേഷമേ നടപടി നടത്താൻ കഴിയൂ.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർക്ക് ജില്ലാ സ്റ്റേറ്റ് സ്പോർട്സ്, കൗൺസിലുകളിൽ പ്രാതിനിധ്യം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അവരുടെ സംഘടനക്ക് അംഗീകാരം നൽകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സർവ്വീസ് പ്രശ്നമാണ്. സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്ന ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾക്കു വിധേയമായിട്ട് പൊതുഭരണ വകുപ്പു പരിഗണിക്കേണ്ട പ്രശ്നമാണ്.

തൊഴിൽ രഹിതർക്ക് വായ്പ നൽകുന്ന പരിപാടി

* 482 [506] ഡോ. കെ.ജി. അടിയോടി:
ശ്രീ. വക്കം പുരുഷോത്തമൻ:
,, ഇ. നാരായണൻ നായർ:
,, എൻ.ഐ. ദേവസ്സിക്കുട്ടി:
,, വി. ഈച്ചരൻ:
,, ടി.എച്ച്. മുസ്തഫ:
,, എം. വി. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേതനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതന പദ്ധതിയനുസരിച്ച് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിന് തൊഴിൽ രഹിതർക്ക് വായ്പ

LIBRARY ARCHIVES Kerala Legislative Assembly